**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1440** **12-02-2025 - ൽ മറുപടിയ്ക്ക്**

**ലേബർ സെസ്സ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | കെട്ടിടത്തിന്റെ ലേബർ സെസ്സ് തദ്ദേശസ്ഥാപനങ്ങളിൽ അടക്കുന്നത് സംബന്ധിച്ച മാനദണ്ഡങ്ങൾ വിശദമാക്കുമോ; | (എ) | 1996-ലെ കേരള ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ് ആക്ടിലെ വകുപ്പ് 3(1) പ്രകാരം നിർമാണം പൂർത്തീകരിച്ച ഗാർഹിക, വാണിജ്യ കെട്ടിടങ്ങൾക്ക് ആകെ നിർമാണ ചെലവിന്റെ 1% ത്തിൽ കുറയാത്തതും പരമാവധി 2% ത്തിൽ കൂടാത്തതുമായ തുക ഉടമയിൽ നിന്നും സെസ് ആയി പിരിച്ചെടുക്കാൻ വ്യവസ്ഥ ചെയ്യുന്നു. സംസ്ഥാനത്തു നിർമാണ ചെലവിന്റെ 1% തുക സെസ് ആയി പിരിച്ചെടുക്കുന്നു. (14/07/2017 ലെ സ.ഉ (കൈ) നം.52/2017/ തൊഴിൽ ഉത്തരവ് - പകർപ്പ് ഉള്ളടക്കം ചെയ്യുന്നു ).എന്നാൽ 14.02.2024 ലെ സ.ഉ.(കൈ)നം.23/2024-LSGD നമ്പർ പ്രകാരം കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ സെസ്സ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന പിരിച്ചെടുക്കുന്നതിന്ഉത്തരവായിട്ടുണ്ട് (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു).ടി ഉത്തരവ് പ്രകാരം സെസ്സ് പിരിവ് പൂർണ്ണമായും ഒറ്റ ഘട്ടമായി ഒക്യൂപ്പെൻസി സർട്ടിഫിക്കറ്റ് നൽകുന്നതിന് മുൻപ് തന്നെ പിരിച്ചെടുക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.ആയത് പ്രകാരം നിർമ്മാണ പെർമ്മിറ്റിനായി അപേക്ഷ സമർപ്പിക്കുന്ന സമയത്ത് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കെ-സ്മാർട്ട്സോഫ്റ്റ്വെയറിലെ ലേബർ സെസ്സ് മോഡ്യൂളിൽ നിന്നും സെസ്സ് ഇനത്തിൽ എത്ര തുക അടവാക്കണമെന്ന അറിയിപ്പ് എല്ലാ അപേക്ഷകർക്കും (കെട്ടിട നിർമ്മാതാക്കൾക്ക്) ലഭിക്കുന്നതാണ്.<br><br>കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്ന സമയത്ത് ഈ തുക കെട്ടിട ഉടമസ്ഥൻ അടവാക്കേണ്ടതും അപ്രകാരം അടവാക്കുന്ന സെസ്സ് തുകയുടെ രസീത് തദ്ദേശ സ്ഥാപനത്തിൽ ഹാജരാക്കി ഒക്യൂപൻസി സർട്ടിഫിക്കറ്റ്, കെട്ടിട നമ്പർ എന്നിവ ലഭിക്കുന്ന സംവിധാനമാണ് ഇപ്പോൾ ക്രമീകരിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| (ബി) | ലേബർ സെസ്സ് ഗഡുക്കളായി അടയ്ക്കുന്നതിന് സാധിക്കുമോയെന്ന് അറിയിക്കാമോ? | (ബി) | 2021 നവംബർ മുതൽ സംസ്ഥാന വ്യാപകമായി സെസ്സ് അദാലത്ത് നടന്നു വരുന്നുണ്ട്. 2022 ഡിസംബർ 31 വരെ നോട്ടീസുകൾ അയച്ചിട്ടും തുക അടയ്ക്കാത്ത എല്ലാ ഫയലുകളും അദാലത്തിൽ ഉൾപ്പെടുത്താനുള്ള അനുമതിയും നല്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.(പകർപ്പ് ഉള്ളടക്കം ചെയ്യുന്നു) ടി അദാലത്തിൽ ഉൾപ്പെടുന്ന തൊഴിൽ വകുപ്പിൽ നടപടി സ്വീകരിച്ചുവരുന്ന സെസ്സ് ഫയലുകളിൽ, പരമാവധി 5 തവണകളായി സെസ്സ് തുക അടയ്ക്കാവുന്നതാണ്.(ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു).എന്നാൽ 14/02/2024 ലെ സ.ഉ.(കൈ)നം.23/2024-LSGD നമ്പർ ഉത്തരവ് ഖണ്ഡിക 3 പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന പിരിച്ചെടുക്കുന്ന സെസ്സ് തുക ഒറ്റ ഘട്ടമായി ഒടുക്കിയാൽ മാത്രമേ ഒക്യുപൻസി സർട്ടിഫിക്കറ്റ്, കെട്ടിട നമ്പർ എന്നിവ ലഭ്യമാകുകയുള്ളു |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്-കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി സെസ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന പിരിച്ചെടുക്കുന്നതിനു അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(കൈ) നം.23/2024/LSGD തീയതി,തിരുവനന്തപുരം, 14-02-2024

---

പരാമർശം:-
1. കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ വർക്കേഴ്സ് ഫെഡറേഷൻ (CITU) സ്റ്റേറ്റ് കമ്മിറ്റി സമർപ്പിച്ച നിവേദനം.
2. ബഹു. മുഖ്യ മന്ത്രിയുടെ അധ്യക്ഷതയിൽ, ബഹു. തദ്ദേശ സ്വയംഭരണ/തൊഴിൽ വകുപ്പ് മന്ത്രിമാരുടെ സാന്നിധ്യത്തിൽ 15.01.2024-ൽ നടന്ന ഉന്നത തല യോഗത്തിന്റെ നടപടിക്കുറിപ്പ്.

**ഉത്തരവ്**

കെട്ടിട നിർമാണ തൊഴിലാളി ക്ഷേമ ബോർഡ് നേരിടുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധി പരിഹരിക്കപ്പെടുന്നതിലേക്കായി, 1996-ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ്സ് നിയമവും (28-ാം നമ്പർ കേന്ദ്രനിയമം) 1998-ലെ കേന്ദ്ര ചട്ടങ്ങളും പ്രകാരം തൊഴിൽ വകുപ്പു മുഖേന പിരിച്ചു വന്നിരുന്ന സെസ് ഇനി മുതൽ തദ്ദേശ സ്വയംഭരണ വകുപ്പ് വഴി പിരിച്ചെടുക്കുന്നതിനു നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് പരാമർശം (1) പ്രകാരം കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ വർക്കേഴ്സ് ഫെഡറേഷൻ (CITU) സ്റ്റേറ്റ് കമ്മിറ്റി സർക്കാരിൽ നിവേദനം സമർപ്പിച്ചിരുന്നു.

2) മേൽ വിഷയം പരാമർശം (2) പ്രകാരം നടന്ന ഉന്നത തല യോഗം ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി സെസ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന പിരിച്ചെടുക്കുന്നതിന് അനുമതി നൽകി കൊണ്ടും, ഇതിലേക്കായി ചുവടെ ചേർത്തിട്ടുള്ള മാർഗ്ഗ നിർദേശങ്ങൾ പുറപ്പെടുവിച്ചു കൊണ്ടും ഉത്തരവാകുന്നു.

I. സംസ്ഥാനത്തെമുഴുവൻ മുനിസിപ്പാലിറ്റികളിലും/കോർപ്പറേഷനുകളിലും 1996-ലെ ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ് നിയമവും (28-ാം നമ്പർ കേന്ദ്രനിയമം) 1998-ലെ കേന്ദ്ര ചട്ടങ്ങളും പ്രകാരമുള്ള സെസ് പിരിവ് 16.01.2024 തീയതി മുതൽ നടപ്പിലാക്കേണ്ടതാണ്.

II. സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും 1996-ലെ ബിൽഡിംഗ് ആന്റ് അദർ

കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ്സ് നിയമവും (28-ാം നമ്പർ കേന്ദ്രനിയമം) 1998-ലെ കേന്ദ്ര ചട്ടങ്ങളും പ്രകാരമുള്ള സെസ് പിരിവു 2024 ഏപ്രിൽ മുതൽ നടപ്പിലാക്കേണ്ടതാണ്.

III. 1996-ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ്സ് നിയമവും (28-ാം നമ്പർ കേന്ദ്രനിയമം) 1998-ലെ കേന്ദ്ര ചട്ടങ്ങളും പ്രകാരമുള്ള സെസ് പിരിവു പൂർണമായും, ഒറ്റ ഘട്ടമായി, ഒക്യുപെൻസി സർട്ടിഫിക്കറ്റ് നൽകുന്നതിന് മുൻപ് തന്നെ പിരിച്ചെടുക്കേണ്ടതാണ്.

IV. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സോഫ്റ്റ്‌വെയറായ കെ-സ്മാർട്ടിൽ സെസ് പിരിക്കുന്നതിനാവശ്യമായ മൊഡ്യൂൾ തീരുമാനിക്കുന്നതിന് ഇൻഫർമേഷൻ കേരളാ മിഷനെ ചുമതലപ്പെടുത്തുന്നു.

V. ഒക്യുപെൻസി സർട്ടിഫിക്കറ്റ് നൽകുന്നതിന് മുമ്പ് ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ് അടച്ചു എന്ന് ബന്ധപ്പെട്ട സെക്രട്ടറിമാർ ഉറപ്പാക്കേണ്ടതാണ്.

3) 1996-ലെ ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ് ആക്റ്റ് പ്രകാരം സെസ് ഇനത്തിൽ പിരിച്ചെടുക്കുന്ന തുകയുടെ 1% കളക്ഷൻ ചാർജായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഈടാക്കുന്നതാണ് .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഗീതാലക്ഷ്മി എം ബി

അഡിഷണൽ സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
2. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന മേധാവികൾക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
3. ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം.
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I/ഓഡിറ്റ്II), കേരള, തിരുവനന്തപുരം.
5. ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.
6. തൊഴിലും നൈപുണ്യവും വകുപ്പ്.
7. തദ്ദേശ സ്വയംഭരണ (ആർ.എ)/(ആർ.ബി)/(ആർ.ഡി)/(ഇ.ജി) വകുപ്പ്.
8. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
9. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.
10. ഐ & പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)
11. കരുതൽ ഫയൽ/ഓഫീസ് കോപ്പി (തസ്വഭവ-ആർ സി 2/10/2022-തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
2. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
3. ബഹു. തൊഴിലും നൈപുണ്യവും വകുപ്പു മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.

323

കേരള സർക്കാർ

സംഗ്രഹം

തൊഴിലും നൈപുണ്യവും വകുപ്പ് - കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ സെസ്സ് നിർണ്ണയം - പുതുക്കിയ നിരക്കുകൾ നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തൊഴിലും നൈപുണ്യവും (ജെ) വകുപ്പ്

**സ.ഉ.(കൈ)/52/2017/തൊഴിൽ** തിരുവനന്തപുരം,തീയതി, 14/07/2017

---

പരാമർശം: 1. സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 200/2015/തൊഴിൽ. തീയതി 16.12.2015.

2. ലാന്റ് റവന്യൂ കമ്മീഷണറുടെ 09/03/2017 ലെ എൽ.ആർ.ബി1-9895/2017 നമ്പർ കത്ത്.

3. സെസ്സ് നിർണ്ണയിക്കുന്നതിന് പിഡബ്ല്യുഡി ബിൽഡിംഗ്സ് ചീഫ് എൻജിനീയർ നൽകിയ ശുപാർശ

4.സെസ്സ് നിർണ്ണയിക്കുന്നതിന് പൊതു മാനദണ്ഡം പുതുക്കി നിശ്ചയിക്കുന്നത് സംബന്ധിച്ച് 17/03/2017 ൽ കൂടിയ യോഗത്തിന്റെ നടപടിക്കുറിപ്പ്.

5. ലേബർ കമ്മീഷണറുടെ 20/04/2017 ലെ ജി4/3792/2017 നമ്പർ കത്ത്.

ഉത്തരവ്

1996-ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ്സ് ആക്ടിലെ വകുപ്പ് 3 (1) പ്രകാരം നിർമ്മാണം പൂർത്തീകരിച്ച ഗാർഹിക, വാണിജ്യ കെട്ടിടങ്ങൾക്ക് ആകെ നിർമ്മാണ ചെലവിന്റെ 1 % ൽ കുറയാത്തതും പരമാവധി 2%-ൽ കൂടാത്തതുമായ തുക ഉടമയിൽ നിന്നും സെസ്സായി ചുമത്തി പിരിച്ചെടുക്കാൻ വ്യവസ്ഥ ചെയ്യുന്നു. സംസ്ഥാനത്ത് നിർമ്മാണ ചെലവിന്റെ 1 % സെസ്സ് ആയി പിരിച്ചെടുക്കുന്നു. ഈ തുക നിർമ്മാണതൊഴിലാളികളുടെ ക്ഷേമപ്രവർത്തനങ്ങൾക്കാണ് ഉപയോഗിക്കുന്നത്.

2) ബിൽഡിംഗ് സെസ്സ് നിർണ്ണയിക്കുന്ന രീതി സെസ്സ് ആക്ടിൽ പ്രതിപാദിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ, ബിൽഡിംഗ് സെസ്സ് നിർണ്ണയിക്കുന്നതിന് ഒരു ഏകീകൃതമായ മാനദണ്ഡം വേണമെന്ന് വിവിധ കോണുകളിൽ നിന്നുയർന്ന ആവശ്യം മുൻനിർത്തി, നിർമ്മാണചെലവ് കണക്കാക്കുന്നതിലെ വ്യത്യസ്തങ്ങളായ രീതികൾ ഒഴിവാക്കി, കെട്ടിടം നിർമ്മിച്ച വർഷം അടിസ്ഥാനമാക്കി, പരാമർശം (1) പ്രകാരം സർക്കാർ പൊതുവായ ചില മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. 5 വർഷത്തെ ഇടവേളകളിലുള്ള 5 സ്ലാബുകളിലായി നിർമ്മാണ പ്രവൃത്തികളെ തരം തിരിച്ച് അവയുടെ പ്ലിന്ത് ഏരിയയുടെ അടിസ്ഥാനത്തിൽ നിർമ്മാണചെലവ് കണക്കാക്കുന്ന രീതിയിലാണ് നിരക്കുകൾ നിർദ്ദേശിച്ച് ഉത്തരവ് പുറപ്പെടുവിച്ചത്.

3) എന്നാൽ പ്രസ്തുത രീതിയിൽ നിർമ്മാണചെലവ് കണക്കാക്കുമ്പോൾ നിർമ്മാണ ചെലവുമായി വലിയ രീതിയിൽ അന്തരമുണ്ടെന്ന് പരാതികൾ ലഭിക്കുകയും, ബഹു. കേരള ഹൈക്കോടതി പരാമർശം (1) ലെ ഉത്തരവ് സ്റ്റേ ചെയ്യുകയും ഉണ്ടായി

4)ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയൽ സെസ്സ് ആക്ട് പ്രകാരം സെസ്സ് നിർണ്ണയിക്കുന്നതിന് പൊതു മാനദണ്ഡം പുതുക്കി നിശ്ചയിക്കുന്നത് സംബന്ധിച്ച് 17/03//2017 ന് കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ്

വെൽഫെയർ ബോർഡ് ചെയർമാൻ, സെക്രട്ടറി , പൊതുമരാമത്ത് ബിൽഡിംഗ്സ് വിഭാഗം എക്സിക്യൂട്ടീവ് എൻജിനീയർ, നഗരകാര്യ വകുപ്പ് ഫിനാൻസ് ഓഫീസർ , സർക്കാറിൽ നിന്നുള്ള പ്രതിനിധികൾ എന്നിവരുടെ സാന്നിധ്യത്തിൽ ലേബർ കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ സെസ്സ് നിർണ്ണയിക്കുന്നതിന് മാനദണ്ഡം നിശ്ചയിക്കുന്നതിന് ബന്ധപ്പെട്ട വിഭാഗങ്ങൾ നിർദ്ദേശം സമർപ്പിക്കുവാൻ തീരുമാനം കൈക്കൊണ്ടു. ആയതിൻ പ്രകാരം, ലാന്റ് റവന്യൂ കമ്മീഷണർ, പൊതുമരാമത്ത് ബിൽഡിംഗ് വിഭാഗം എന്നിവർ നൽകിയ നിർദ്ദേശങ്ങൾ കൂടി പരിശോധിച്ച ശേഷം, ലേബർ കമ്മീഷണർ പരാമർശം (5) പ്രകാരം നിർദ്ദേശം സമർപ്പിച്ചു

5 ) ലേബർ കമ്മീഷണർ പ്ലിന്ത് ഏരിയ അടിസ്ഥാനമാക്കി നിർമ്മാണ ചെലവ് കണക്കാക്കുന്ന രീതിയിലും, നിർമ്മാണത്തിനുപയോഗിച്ച സാമഗ്രികളുടെ അടിസ്ഥാനത്തിൽ നിർമ്മാണ ചെലവ് കണക്കാക്കുന്ന രീതിയിലുമുള്ള നിർദ്ദേശം സമർപ്പിച്ചു മേൽപറഞ്ഞ എല്ലാ വകുപ്പുകളുടേയും നിർദ്ദേശങ്ങൾ സർക്കാർ വിശദമായി പരിശോധിച്ചു. പ്രായോഗികവും ശാസ്ത്രീയവുമായി ബിൽഡിംഗ് സെസ്സ് നിർണ്ണയിക്കുന്നത്, പ്ലിന്ത് ഏരിയയുടെ അടിസ്ഥാനത്തിൽ സെസ്സ് കണക്കാക്കുന്നതാണ് ഉചിതം എന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ പ്ലിന്ത് ഏരിയയുടെ നിരക്കുകൾ താഴെ പറയും പ്രകാരം നിശ്ചയിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | വിസ്തീർണ്ണം | പ്രാബല്യത്തൽ വരുന്ന വർഷവും നിരക്കുകളും/സ്ക്വയർ മീറ്ററിന് | | | | |
|---|---|---|---|---|---|---|
| | | 1995 | 2000 | 2005 | 2010 | 2015 |
| 1 | 100സ്ക്വയർ മീറ്റർ വരെ | 3400 | 4100 | 4900 | 5900 | 7050 |
| 2 | 101സ്ക്വയർ മീറ്റർ മുതൽ 200 സ്ക്വയർ മീറ്റർ വരെ | 4500 | 5400 | 6500 | 7800 | 9350 |
| 3 | 201 സ്ക്വയർ മീറ്റർ മുതൽ 300 സ്ക്വയർ മീറ്റർ വരെ | 5300 | 6350 | 7650 | 9150 | 11000 |
| 4 | 301 സ്ക്വയർ മീറ്റർ മുതൽ 400 സ്ക്വയർ മീറ്റർ വരെ | 6300 | 7550 | 9050 | 10850 | 13050 |
| 5 | 400സ്ക്വയർ മീറ്ററിനു മുകളിൽ | 8000 | 9600 | 11500 | 13850 | 16600 |

325

6) കൂടാതെ പ്ലിന്ത് ഏരിയയുടെ അടിസ്ഥാനത്തിൽ കാർഷികാവശ്യങ്ങൾക്കുള്ള ഷെഡ്ഡുകൾ, റൂഫിംഗ് ഷീറ്റ് കൊണ്ട് മേൽക്കൂര നിർമ്മിച്ച ഗോഡൗണുകൾ, വർക്ക്ഷെഡ്ഡുകൾ. ഫാമുകൾ എന്നിവയുടെ നിർമ്മാണചെലവ് കണക്കാക്കുന്നതിന് സ്ക്വയർ മീറ്ററിന് താഴെ പറയും പ്രകാരം പ്രത്യേക നിരക്ക് നിശ്ചയിക്കാവുന്നതാണ്.

| വർഷം | 1995 | 2000 | 2005 | 2010 | 2015 |
|---|---|---|---|---|---|
| നിരക്ക് | 3400 | 4075 | 4900 | 5900 | 7075 |

(മേൽപറഞ്ഞ നിരക്കുകൾ ഒരു ചതുരശ്ര മീറ്റർ (per sq. metre) നിരക്കിലുള്ളതാണ്)

7)ഫ്ലാറ്റ്, ബഹുനില വാണിജ്യ കെട്ടിടങ്ങൾ എന്നിവയ്ക്ക് മേൽപറഞ്ഞ നിരക്കിനോടൊപ്പം 10% അധികനിരക്ക കൂടി കൂട്ടി നിർമ്മാണചെലവ് കണക്കാക്കാവുന്നതാണ്. തടി ഉപയോഗിച്ചുള്ള ചുമർ പാനലിംഗിന് ചതുരശ്ര മീറ്ററിന് 1075/- രൂപ 1995 വർഷത്തിൽ നിർമ്മാണചെലവ് കണക്കാക്കാവുന്നതും തുടർന്നുള്ള വകുപ്പ് ഓരോ 5 വർഷ കാലയളവിലെ നിർമ്മാണങ്ങൾക്കും ഇതിനോടൊപ്പം 2 0 % വീതം വർദ്ധനവും കണക്കാക്കാവുന്നതാണ്. പാനലിംഗിന് നടത്തിയിട്ടുള്ള ഭാഗത്തിന് മാത്രമേ ഈ നിരക്ക് പ്രകാരം നിർമ്മാണചെലവ് കണക്കാക്കേണ്ടതുള്ളൂ.

8)പരാമർശം (1) ലെ ഉത്തരവ് റദ്ദാക്കിക്കൊണ്ടും ഇതിനോടകം സെസ്സ് നിർണ്ണയിച്ച തീർപ്പാക്കിയ കേസുകൾ പുന:പരിശോധിക്കുയില്ല എന്ന വ്യവസ്ഥ ഉൾക്കൊള്ളിച്ചുകൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ടോം ജോസ്

അഡിഷണൽ ചീഫ് സെക്രട്ടറി

ലേബർ കമ്മീഷണർ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, എറണാകുളം
സെക്രട്ടറി, കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ
വർക്കേഴ്സ് വെൽഫെയർ ബോർഡ്,തിരുവനന്തപുരം
ചീഫ് എൻജിനീയർ, പൊതുമരാമത്ത് വിഭാഗം, (ബിൽഡിംഗ്സ്)തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള,തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള,തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - ബിൽഡിംഗ് സെസ് അദാലത്ത് 31.03.2025 വരെ ദീർഘിപ്പിക്കുന്നതിനു അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (ജെ) വകുപ്പ്**

G.O.(Rt) No.1124/2024/LBR തീയതി,തിരുവനന്തപുരം, 01-11-2024

---

പരാമർശം:-
1. 27.10.2021-ലെ സ.ഉ(സാധാ) 1253/2021/തൊഴിൽ നമ്പർ ഉത്തരവ്.
2. 23.04.2024 -ലെ സ.ഉ(സാധാ) 531/2024/തൊഴിൽ നമ്പർ ഉത്തരവ്.
3. 28/09/2024 -ലെ ലേബർ കമ്മീഷണറുടെ LCO/2021/2022 /EN (4) നമ്പർ.കത്ത്

**ഉത്തരവ്**

1996-ലെ കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ സെസ് നിയമ പ്രകാരം സെസ്സ് കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിനുള്ള പ്രവർത്തനം ഊർജ്ജിതമാക്കുന്നതിലേയ്ക്കായി 2021 നവംബർ മുതൽ വ്യവസ്ഥകളോടുകൂടി അദാലത്ത് നടത്തുന്നതിന് പരാമർശം (1) പ്രകാരം അനുമതി നൽകുകയും കാലാകാലങ്ങളിൽ, ടി കാലയളവ് ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. പരാമർശം (2) ഉത്തരവ് പ്രകാരം സെസ്സ് അദാലത്ത് നടത്തുന്നതിനുള്ള കാലയളവ് 30.09.2024 വരെ ദീർഘിപ്പിക്കുന്നതിന് അനുമതി നൽകിയിരുന്നു. സെസ് പിരിവ് കാര്യക്ഷമമായി നടത്താൻ ടി അദാലത്ത് സഹായിക്കുമെന്നതിനാൽ ആയത് 31.03.2025 വരെ ദീർഘിപ്പിക്കുവാൻ നടപടി സ്വീകരിക്കണമെന്നും, 2022 ഡിസംബർ 31 വരെ നോട്ടീസുകൾ അയച്ചിട്ടും തുക അടയ്ക്കാത്ത എല്ലാ ഫയലുകളും അദാലത്തിൽ ഉൾപ്പെടുത്താനുള്ള അനുമതികൂടി ലഭ്യമാക്കണമെന്നും പരാമർശം (3) പ്രകാരം ലേബർ കമ്മീഷണർ അഭ്യർത്ഥിച്ചു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ലേബർ കമ്മീഷണറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ, സെസ് അദാലത്തിനു നൽകിയിരിക്കുന്ന നിലവിലുള്ള കാലയളവ് **31.03.2025** തീയതി വരെ ദീർഘിപ്പിച്ചു കൊണ്ടും, 2022 ഡിസംബർ 31 വരെ നോട്ടീസുകൾ അയച്ചിട്ടും തുക അടയ്ക്കാത്ത എല്ലാ ഫയലുകളും അദാലത്തിൽ ഉൾപ്പെടുത്താനുള്ള അനുമതി നൽകികൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

N K CHANDRA
ADDITIONAL SECRETARY

ലേബർ കമ്മീഷണർ, തിരുവനന്തപുരം.
സെക്രട്ടറി, കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
ഓഫീസ് കോപ്പി, സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - സെസ്സ് അദാലത്ത് **30.09.2023** വരെ ദീർഘിപ്പിക്കുന്നതിനു അനുമതി നൽകിയും അദാലത്ത് മാർഗ്ഗ നിർദ്ദേശങ്ങൾ ഭേദഗതി വരുത്തിക്കൊണ്ടും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (ജെ) വകുപ്പ്**

സ.ഉ.(സാധാ) നം.467/2023/LBR തീയതി,തിരുവനന്തപുരം, 12-04-2023

---

പരാമർശം:-

1. 27.10.2021-ലെ സ.ഉ.(സാധാ) 1253/2021/തൊഴിൽ നമ്പർ ഉത്തരവ്.
2. 08.12.2021-ലെ സ.ഉ.(സാധാ) 1424/2021/തൊഴിൽ നമ്പർ ഉത്തരവ്.
3. 17.03.2022-ലെ സ.ഉ. (സാധാ) 326/2022/തൊഴിൽ നമ്പർ ഉത്തരവ്.
4. 01.06.2022-ലെ സ.ഉ.(സാധാ) 620/2022/തൊഴിൽ നമ്പർ ഉത്തരവ്.
5. 31.08.2022-ലെ സ.ഉ.(സാധാ) 1031/2022/തൊഴിൽ നമ്പർ ഉത്തരവ്.
6. 06.01.2023-ലെ സ.ഉ.(സാധാ) 12/2023/തൊഴിൽ നമ്പർ ഉത്തരവ്.
7. 24.03.2023-ലെ ലേബർ കമ്മിഷണറുടെ LCO/2021/2022-EN(4) നമ്പർ കത്ത്.

**ഉത്തരവ്**

**1996**-ലെ കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ സെസ് നിയമ പ്രകാരം സെസ്സ് കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിനുള്ള പ്രവർത്തനം ഊർജ്ജിതമാക്കുന്നതിലേയ്ക്കായി **2021** നവംബർ മുതൽ അദാലത്ത് നടത്തുന്നതിന് വ്യവസ്ഥകളോടുകൂടി പരാമർശം (1) പ്രകാരം അനുമതി നൽകിയിരുന്നു. തുടർന്ന് പരാമർശം (2) പ്രകാരം സെസ്സ് അദാലത്ത് നടത്തുന്നതിന് അധിക മാർഗ നിർദേശങ്ങൾ നൽകിക്കൊണ്ടും പരാമർശം (3),(4),(5),(6) ഉത്തരവുകൾ പ്രകാരം അദാലത്ത് കാലയളവ് **2023** മാർച്ച് **31** വരെ ദീർഘിപ്പിച്ചുകൊണ്ടും ഉത്തരവായിട്ടുണ്ട്. സെസ്സ് പിരിവ് കാര്യക്ഷമമായി നടന്നു വരുന്ന സാഹചര്യത്തിൽ, സെസ്സ് അദാലത്തിന് നൽകിയിരിക്കുന്ന കാലയളവ് ദീർഘിപ്പിക്കുന്നത് കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിന് പ്രയോജനപ്രദമായിരിക്കുമെന്നതിനാൽ സെസ്സ് അദാലത്ത് കാലയളവ് **30.09.2023** വരെ നീട്ടുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ലേബർ കമ്മീഷണർ പരാമർശം (7) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ലേബർ കമ്മീഷണറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ, സെസ്സ് അദാലത്ത് കാലയളവ് **30.09.2023** വരെ ദീർഘിപ്പിക്കുന്നതിനു അനുമതി നൽകികൊണ്ടും പരാമർശം (2) ഉത്തരവിലെ (1), (5) പിരിവുകൾ ചുവടെ ചേർത്ത വിധം ഭേദഗതി വരുത്തിക്കൊണ്ടും ഉത്തരവാകുന്നു.

I. റസിഡൻഷ്യൽ കെട്ടിടങ്ങളുടെ പ്രാഥമിക നോട്ടീസ്, അസസ്മെന്റ് നോട്ടീസ്, അന്തിമ ഉത്തരവ് എന്നിവ അയച്ച ഫയലുകൾ അദാലത്തിൽ പരിഗണിക്കുമ്പോൾ

**പരമാവധി അഞ്ച് ഇൻസ്റ്റാൾമെന്റ്** അനുവദിക്കുന്നതിന് ബന്ധപ്പെട്ട അസസ്സിംഗ് ഓഫീസർമാർക്ക് അനുവാദം നൽകുന്നു.

II. 10 കോടി രൂപ വരെ നിർമ്മാണ ചെലവ് വരുന്ന വാണിജ്യ കെട്ടിടങ്ങളുടെ ഫയലുകളിൽ ഇൻസ്റ്റാൾമെന്റ് അനുവദിക്കുന്നതിനുള്ള അധികാരം ബന്ധപ്പെട്ട റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണറിൽ നിക്ഷിപ്തമായിരിക്കും. 10 കോടിക്ക് മുകളിൽ നിർമ്മാണ ചെലവ് വരുന്ന വാണിജ്യ കെട്ടിടങ്ങളുടെ ഫയലുകളിൽ ഇൻസ്റ്റാൾമെന്റ് അനുവദിക്കുന്നതിനുള്ള അധികാരം ലേബർ കമ്മീഷണറിൽ നിക്ഷിപ്തമായിരിക്കും. കെട്ടിട ഉടമകളുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ/ലേബർ കമ്മീഷണർ എന്നിവരെ **പരമാവധി അഞ്ച് ഇൻസ്റ്റാൾമെന്റ്** നൽകുന്നതിന് അധികാരപ്പെടുത്തിയിരിക്കുന്നു.

3) പരാമർശം (2) ഉത്തരവിലെ (2), (4) എന്നീ പിരിവുകളിലെ നിർദ്ദേശങ്ങൾ മാറ്റമില്ലാതെ നിലനില്ക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എൻ.കെ.ചന്ദ്ര
ജോയിന്റ് സെക്രട്ടറി

ലേബർ കമ്മിഷണർ,തിരുവനന്തപുരം.
സെക്രട്ടറി, കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്-കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി സെസ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന പിരിച്ചെടുക്കുന്നതിനു അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(കൈ) നം.23/2024/LSGD     തീയതി,തിരുവനന്തപുരം, 14-02-2024

---

പരാമർശം:-
1. കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ വർക്കേഴ്സ് ഫെഡറേഷൻ (CITU) സ്റ്റേറ്റ് കമ്മിറ്റി സമർപ്പിച്ച നിവേദനം.
2. ബഹു. മുഖ്യ മന്ത്രിയുടെ അധ്യക്ഷതയിൽ, ബഹു. തദ്ദേശ സ്വയംഭരണ/തൊഴിൽ വകുപ്പ് മന്ത്രിമാരുടെ സാന്നിധ്യത്തിൽ 15.01.2024-ൽ നടന്ന ഉന്നത തല യോഗത്തിന്റെ നടപടിക്കുറിപ്പ്.

**<u>ഉത്തരവ്</u>**

കെട്ടിട നിർമാണ തൊഴിലാളി ക്ഷേമ ബോർഡ് നേരിടുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധി പരിഹരിക്കപ്പെടുന്നതിലേക്കായി, 1996-ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ്സ് നിയമവും (28-ാം നമ്പർ കേന്ദ്രനിയമം) 1998-ലെ കേന്ദ്ര ചട്ടങ്ങളും പ്രകാരം തൊഴിൽ വകുപ്പു മുഖേന പിരിച്ചു വന്നിരുന്ന സെസ് ഇനി മുതൽ തദ്ദേശ സ്വയംഭരണ വകുപ്പ് വഴി പിരിച്ചെടുക്കുന്നതിനു നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് പരാമർശം (1) പ്രകാരം കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ വർക്കേഴ്സ് ഫെഡറേഷൻ (CITU) സ്റ്റേറ്റ് കമ്മിറ്റി സർക്കാരിൽ നിവേദനം സമർപ്പിച്ചിരുന്നു.

2) മേൽ വിഷയം പരാമർശം (2) പ്രകാരം നടന്ന ഉന്നത തല യോഗം ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി സെസ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന പിരിച്ചെടുക്കുന്നതിന് അനുമതി നൽകി കൊണ്ടും, ഇതിലേക്കായി ചുവടെ ചേർത്തിട്ടുള്ള മാർഗ്ഗ നിർദേശങ്ങൾ പുറപ്പെടുവിച്ചു കൊണ്ടും ഉത്തരവാകുന്നു.

I. സംസ്ഥാനത്തെമുഴുവൻ മുനിസിപ്പാലിറ്റികളിലും/കോർപ്പറേഷനുകളിലും 1996-ലെ ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ് നിയമവും (28-ാം നമ്പർ കേന്ദ്രനിയമം) 1998-ലെ കേന്ദ്ര ചട്ടങ്ങളും പ്രകാരമുള്ള സെസ് പിരിവ് 16.01.2024 തീയതി മുതൽ നടപ്പിലാക്കേണ്ടതാണ്.

II. സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും 1996-ലെ ബിൽഡിംഗ് ആന്റ് അദർ

കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ്സ് നിയമവും (28-ാം നമ്പർ കേന്ദ്രനിയമം) 1998-ലെ കേന്ദ്ര ചട്ടങ്ങളും പ്രകാരമുള്ള സെസ് പിരിവു 2024 ഏപ്രിൽ മുതൽ നടപ്പിലാക്കേണ്ടതാണ്.

III. 1996-ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ്സ് നിയമവും (28-ാം നമ്പർ കേന്ദ്രനിയമം) 1998-ലെ കേന്ദ്ര ചട്ടങ്ങളും പ്രകാരമുള്ള സെസ് പിരിവു പൂർണമായും, ഒറ്റ ഘട്ടമായി, ഒക്യുപെൻസി സർട്ടിഫിക്കറ്റ് നൽകുന്നതിന് മുൻപ് തന്നെ പിരിച്ചെടുക്കേണ്ടതാണ്.

IV. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സോഫ്റ്റ്‌വെയറായ കെ-സ്മാർട്ടിൽ സെസ് പിരിക്കുന്നതിനാവശ്യമായ മൊഡ്യൂൾ തീരുമാനിക്കുന്നതിന് ഇൻഫർമേഷൻ കേരളാ മിഷനെ ചുമതലപ്പെടുത്തുന്നു.

V. ഒക്യുപെൻസി സർട്ടിഫിക്കറ്റ് നൽകുന്നതിന് മുമ്പ് ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ് അടച്ചു എന്ന് ബന്ധപ്പെട്ട സെക്രട്ടറിമാർ ഉറപ്പാക്കേണ്ടതാണ്.

3) 1996-ലെ ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ് ആക്ട് പ്രകാരം സെസ് ഇനത്തിൽ പിരിച്ചെടുക്കുന്ന തുകയുടെ 1% കളക്ഷൻ ചാർജായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഈടാക്കുന്നതാണ് .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഗീതാലക്ഷ്മി എം ബി
അഡിഷണൽ സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
2. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന മേധാവികൾക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
3. ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം.
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I/ഓഡിറ്റ്II), കേരള, തിരുവനന്തപുരം.
5. ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.
6. തൊഴിലും നൈപുണ്യവും വകുപ്പ്.
7. തദ്ദേശ സ്വയംഭരണ (ആർ.എ)/(ആർ.ബി)/(ആർ.ഡി)/(ഇ.ജി) വകുപ്പ്.
8. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
9. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.
10. ഐ & പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)
11. കരുതൽ ഫയൽ/ഓഫീസ് കോപ്പി (തസ്വഭവ-ആർ സി 2/10/2022-തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
2. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
3. ബഹു. തൊഴിലും നൈപുണ്യവും വകുപ്പു മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.